www.gospelinmalayalam.com

# REVELATION

## CHAPTER - 2

Ephesus : ഇതൊരു തുറമുറപട്ടണം ഇവിടെനിന്നും 35 മൈൽ ദൂരെ അടുത്ത seaport അതു സ്മുർന്ന പട്ടണം. പിന്നെയും വടക്കോട്ടു യാത്ര ചെയ്താൽ Pergamum എന്ന പട്ടണത്തിൽ എത്താം. അങ്ങനെ ഈ 7 പട്ടണങ്ങളും ഭൂമിശാസ്ത്രപരമായി തുടർച്ചയായി കിടക്കുന്നു.

-ഈ പട്ടണങ്ങളിലുള്ള ക്രിസ്തീയസഭയ്ക്കു കർത്താവു കൊടുത്ത ദൂത് ഇന്നത്തെ സഭയ്ക്ക് എന്തു കാര്യം;

-അങ്ങനെ ചോദിക്കുകയാണെങ്കിൽ അ. പൗലൂസ് 13 ലേഖനങ്ങളെഴുതി. അതെല്ലാം അന്നു നിലനിന്ന സഭകൾക്ക് address ചെയ്തായിരുന്നു എഴുതിയത്. അതു നമുക്ക് എന്തെങ്കിലും ദൂതു തരുന്നുണ്ടോ? വളരെയധികം. ആർക്കും അതിൽ ഒരു സന്ദേഹവുമില്ല.

- അതുപോലെ തന്നെ പരിശുദ്ധാത്മാവു സഭകൾക്കു കൊടുത്ത ഈ ദുതുകൾ 4 രീതികളിൽ അത് പ്രസക്തമാണ്.

1. ആ ദുതുകൾ അന്ന് നിലനിന്നിരുന്ന ആ പേരെടുത്തു പറഞ്ഞ സഭയ്ക്ക് ബാധകം

2. ആ സഭയുടെ ആത്മിക നിലയും, അന്നത്തെ സാഹചര്യവും ഇന്നു ഏതു സഭയിലുണ്ടോ അവർക്കുള്ള ദൂതാണ്

3. സഭയ്ക്കുള്ള ദൂതാണെന്നിരുന്നാലും, ഇത് ഓരോ വിശ്വാസിയോടും ഉള്ള ദൈവ ശബ്ദമാണ്

4. ദൂതുകളുടെ ക്രമം coincides with the spiritual condition of church at various stages in the past 2000 years. കഴിഞ്ഞ 2000 വർഷങ്ങളായുള്ള സഭയുടെ ചരിത്രം പരിശോധിച്ചാൽ ഇത് വളരെയധികം ശരിയാണെന്നു മനസ്സിലാകും.

-എഫെസൂസ് സഭയുടെ "സ്വർഗ്ഗത്തിലെ സകലവിധ അനുഗ്രഹങ്ങളാലും" എന്നു തുടങ്ങുന്ന ഒന്നാം നൂറ്റാണ്ടിലെ സഭയുടെ ഇന്നത്തെ സ്ഥിതി "ലവോദിക്യ" സഭയുടെ "ശീതവാനുമല്ല ഉഷ്ണവാനുമല്ല" എന്ന സ്ഥിതിയിൽ വന്നു നിൽക്കുന്നു.

- ഇന്നത്തെ സഭയുടെ ആത്മിക സ്ഥിതി വച്ച് - നാം ഇന്നു വന്നെത്തിയിരിക്കുന്നതു "ലവോദിക്യ" കാലത്തിലാണെന്ന് വെളിപ്പാടുപുസ്തകം പഠിക്കുന്നവർക്കു മനസ്സിലാക്കാൻ വിഷമില്ല.

- ഈ കത്തുകളിൽ ഒക്കെയും സഭയുടെ മൂപ്പനെ - സഭയുടെ ദൂതൻ എന്നു സംബോധന ചെയ്യുന്നു. ഈ terminology വേറെ പലയിടത്തും നമുക്കു കാണാം. Math 11:10 "ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയക്കുന്നു" (യോഹന്നാൻ സ്നാപകനെപ്പറ്റിയുള്ള പ്രവചനം ഇങ്ങനെ പറയുന്നു)

-സഭ: കർത്താവു സഭയെ കാണുന്നത് ഒരു വലിയ "സംഘടന" എന്ന നിലയിലുള്ള "HIREARCHY" ആയിട്ടല്ല.

- സ്ഥലത്തിന്റെ identity യിൽ ഓരോന്നും independent. ദൈവത്തെ പ്രസാദിപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യം. മൂപ്പന്മാർ മാതൃകയായി ജീവിക്കുന്നവർ ആയിരിക്കണം?

Christ's evaluation : സഭയുടെ ആത്മിക ജീവനെ, സഭയുടെ പ്രവൃത്തിയെ കർത്താവ് എങ്ങനെ കാണുന്നു. ഇന്നത്തെ "Established Churches" ഈ ദൂതിന്റെ അന്തസത്തയെ അവഗണിച്ചു മുമ്പോട്ടു പോകുന്നു.

- തലമുടി നാരു പിളർന്നു "Doctrine"അധികാരങ്ങളിൽ, സ്ഥാനമാനങ്ങളിൽ തലമുറകളുടെ വാഗ്വാദം, കോടതി കേസുകൾ തുടരുന്നു. ഇതിൽ നാം ലജ്ജിക്കണ്ടേ.

- എന്നാൽ വെളിപ്പാടിലെ ക്രിസ്തുവിന്റെ അഗ്നിജ്വാലക്കൊത്ത കണ്ണ് നമ്മെ കാണുന്നുണ്ട് എന്നോർക്കുമ്പോൾ എത്രമാത്രം നാം ഓരോരുത്തരും വ്യക്തികളായും, സഭയായും താഴ്മയും വിനയവും ധരിക്കേണ്ടിയിരിക്കുന്നു.

ദൂതുകൾ പൊതുവായി : messages in General.

സഭയ്ക്കു കൊടുത്ത ഓരോ ദൂതും പ്രധാനമായി 7 - കാര്യങ്ങൾ പ്രസ്താവിച്ചുകൊണ്ടാണ് എഴുതപ്പെട്ടിരിക്കുന്നത്

1. ദൂതുകൾ അരുളിചെയ്യുന്ന ആളിന്റെ വ്യക്തിവിശേഷവർണ്ണനകൾ

2. സഭയ്ക്കുള്ള വിശേഷ ഗുണങ്ങൾ

3. സഭയെക്കുറിച്ചുള്ള കുറ്റാരോപണങ്ങൾ

4. തെറ്റുകളിൽ നിന്നും വിരമിച്ച് മാനസാന്തരപ്പെടാനുള്ള പ്രബോധനം

5. മാനസാന്തരപ്പെടാതിരുന്നാലുള്ള ശിക്ഷ

6. സഭകളോടുള്ള ആത്മാവിന്റെ അറിയിപ്പ്

7. ജയിക്കുന്നവന് ഉള്ള പ്രതിഫലങ്ങൾ.

**(A) എഫെസൂസിലെ സഭയ്ക്കുള്ള ദൂത്: Letter to the church in Ephesus Rev. 2:1-7**

ഈ കത്ത് എഴുതുമ്പോൾ എഫെസൂസിന്റെ സ്ഥാനം എന്തായിരുന്നു: പ്രസിദ്ധമായ ഒരു വ്യാപാര കേന്ദ്രം.

-A seaport - A major city in Asia minor - Artemis ക്ഷേത്രം ഉണ്ടായിരുന്ന സ്ഥലം. അന്നു ണ്ടായിരുന്നു പരിഷ്കൃത ലോകത്തെ ഏഴ് അത്ഭുതങ്ങളിൽ ഒന്ന് ഈ "ക്ഷേത്രം" ആയിരുന്നു.. St. Paul ഈ സ്ഥലത്തു ചെന്ന് ദൂതു അറിയിച്ചിരുന്നു. AD 53 യിൽ (Acts Ch:19) പൗലൂസിന്റെ ദൂത് എഫെസൂസ് പട്ടണത്തെ ഇളക്കി (Acts 19:18-20) ഇന്ന് ഈ പട്ടണം നിലവിലില്ല. The area is totally in ruins.

1. ദൂതുകൊടുക്കുന്ന കർത്താവിന്റെ വർണ്ണന:

Rev. 2-1 ഏഴു നക്ഷത്രം വലങ്കയ്യിൽ പിടിച്ചിരിക്കുന്നു. ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ - ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാർ - Pastors - മൂപ്പൻമാർ - ഏഴു നിലവിളക്കുകൾ - ഏഴുസഭകൾ- കർത്താവ് അതിന്റെ മദ്ധ്യേ നടന്നുകൊണ്ടിരിക്കുന്നു. കർത്താവിന്റെ വാഗ്ദത്തമാണത്. - ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്- സഭയുടെ ഉൽപ്രാപണദിനം വരെയും ഈ നിരന്തര സാന്നിദ്ധ്യം കർത്താവിന്റെ മണവാട്ടിയായിരിക്കുന്ന സഭയിൽ കർത്താവു തന്നു കൊണ്ടേയിരിക്കും.

2:2-3 ആദ്യം പ്രശംസയാണു കൊടുക്കുന്നത്. അവരുടെ കഠിനാദ്ധ്വാനവും പ്രവൃത്തിയും കർത്താവു പ്രശംസിക്കുന്നു. Perseverance- സഹിഷ്ണത. ഇതും പ്രശംസാർഹം. കപടഭക്തിയുമായി, അപ്പോസ്തലവേഷം കെട്ടി നടക്കുന്നവരെ identify ചെയ്തു സഭയിൽ അടുപ്പിച്ചില്ല. അവരെ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടു. കർത്താവ് ഈ പ്രവൃത്തികളെ ബഹുമാനിക്കുന്നു.

ഇതു മാത്രമല്ല - എല്ലാം സഹിക്കുന്നു- സഹിഷ്ണത - കർത്താവിനു വേണ്ടി, വിശ്വാസത്തിനു വേണ്ടി, സഭയ്ക്കു വേണ്ടി ശാന്തമായി എല്ലാം സഹിക്കുന്നു. കർത്താവു പറയുന്നു I know your patience. ഒന്നും തന്നെ അവനു മറവായിരിക്കുന്നില്ല.

2:4 അടുത്തത് കുറ്റം ആണ്: ആദ്യസ്നേഹം വിട്ടുകളഞ്ഞു. Thou hast left thy first love. Your first Love you have left.

35 വർഷം മുമ്പ് അപ്പൊസ്തലനായ പൗലൂസ് എഫെസൂസിലെ സഭയ്ക്കെഴുതി.

Ep.1:15-16 - നിങ്ങളുടെ വിശ്വാസത്തെയും സ്നേഹത്തെയും കുറിച്ചു കേട്ടിട്ട് ഇടവിടാതെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു.

എന്താ ഈ ആദ്യ സ്നേഹത്തിലുണ്ടായ കുറവിനു കാരണം? 35 years ന്റെ മാറ്റം - ഒരു തലമുറ മാറി. പിതാവിനുണ്ടായിരുന്ന സ്നേഹം മക്കൾക്കില്ല. തലമുറ കഴിഞ്ഞപ്പോൾ സ്നേഹത്തിൽ കുറവ്. അധ്വാനം ഉണ്ട്. പ്രവൃത്തി ഉണ്ട്. വിശ്വാസജീവിതം കൊള്ളാം. എല്ലാം നല്ലത്. പക്ഷെ ആദ്യസ്നേഹം കുറഞ്ഞുപോയി. Lack of deep devotion to Lord Jesus Christ. കർത്താവ് അതു മനസ്സിലാക്കുന്നു.

ഇന്നത്തെ ക്രിസ്ത്യാനികളോട് ഈ ദൂതു സംസാരിക്കട്ടെ:-

സഭയുടെ മദ്ധ്യേ നടന്നുകൊണ്ടിരിക്കുന്ന രാജാധിരാജൻ നമ്മോടും പറയുവാനാഗ്രഹിക്കുന്ന വിഷയം ഇതത്രേ. I know your works. ഒന്നും നിനക്കു മറച്ചു വയ്ക്കാൻ കഴിയില്ല. നിന്റെ പ്രവൃത്തി മാത്രമല്ല, നീ സഹിച്ചതും, തളർന്നു പോകാത്തതും ഒക്കെ അവൻ അറിയുന്നു.



www.gospelinmalayalam.com

www.gospelinmalayalam.com

കർത്താവിനുവേണ്ടി അല്പമെങ്കിലും ത്യാഗം സഹിച്ചിട്ടുണ്ടെങ്കിൽ, ദൈവവേലക്കു കൊടുത്തിട്ടുണ്ടെങ്കിൽ സുവിശേഷത്തിനു വേണ്ടി അധ്വാനിച്ചിട്ടുണ്ടെങ്കിൽ നീ വിഷമിക്കേണ്ട.

Mal 3:16 തമ്പുരാൻ അതു അറിയുന്നു. അവന്റെ ഓർമ്മപുസ്തകത്തിൽ അതു Record ചെയ്തിരിക്കുന്നു.

Mt.6:18 ആരെയും ബോധിപ്പിപ്പാനായി ഒന്നും ചെയ്യേണ്ട. രഹസ്യത്തിലുള്ള പിതാവു നിനക്കു പ്രതിഫലം നൽകും.

പക്ഷെ നിന്റെ സ്നേഹം എങ്ങനെയിരിക്കുന്നു. കർത്താവിനോടുള്ള സമർപ്പണം എത്രമാത്രം ഉണ്ട്. Are you on fire for the Lord.. How deep is your devotion to the Lord. എഫെസൂസിലെ സഭയുടെ ദൂതന് എഴുതുക.. ആദ്യസ്നേഹം നീ വിട്ടുകളഞ്ഞു. അങ്ങനെ ഒരു കുറ്റം നിന്നിലുണ്ട്.

Rev. 2:5 (R) മാനസാന്തരത്തിനായുള്ള വിളി. കർത്താവിങ്കലേക്ക് ആദ്യമായി കടന്നു വന്നപ്പോഴുള്ള മാനസാന്തരത്തെപ്പറ്റിയല്ല ഇവിടെ പറയുന്നത്. പാപജീവിതത്തിൽ നിന്നുമുള്ള ആദ്യ മാനസാന്തരത്തെപ്പറ്റിയുമല്ല. ഒരു Restoration നെപ്പറ്റിയാണിവിടെ സംസാരിക്കുന്നത്. ഒരിക്കൽ നീ കർത്താവിനെ സ്നേഹിച്ചിരുന്നു. ദൈവവചനം നിനക്കും ഏറ്റം പ്രിയം ആയിരുന്നു അതു നിനക്കു സന്തോഷത്തിന്റെ ഉറവയായിരുന്നു. വചനം പഠിക്കാനും കേൾക്കാനും നീ വാഞ്ചിച്ചിരുന്നു. ധാരാളം പ്രാർത്ഥിക്കുമായിരുന്നു. കത്തൃുവേലയ്ക്കു ധാരാളം കൊടുക്കുമായിരുന്നു. ഇന്ന് നിന്റെ priority വേറെ പലതും ആയിത്തീർന്നു. കർത്താവിന്റെ കാര്യങ്ങൾ ഒക്കെ രണ്ടാം സ്ഥാനത്തോ, മൂന്നാം സ്ഥാനത്തേയ്ക്കോ പിൻതള്ളപ്പെട്ടു. നിനക്കൊരു മടങ്ങിവരവിന്റെ ആവശ്യമുണ്ട്.

ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്ത് മാനസ്സാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക.

മാനസ്സാന്തരപ്പെടുന്നില്ലയെങ്കിൽ : നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്നു നീക്കും.

Lack of dedication നെ കർത്താവു സഹിക്കുന്നില്ല.

നമ്മുടെ വ്യക്തി ജീവിതം എങ്ങനെയിരിക്കുന്നു? വെളിച്ചം കൊടുത്തു കൊണ്ടിരിക്കുന്ന വിളക്കുകളാണോ അവ? അതോ കത്താതെ, നിലയിൽ നിന്നും നീക്കപ്പെട്ട വെറും പൊട്ട വിളക്കുകളുടെ bottle മാത്രമേയുള്ളോ?

ഇന്നത്തെ സഭയെന്നു പേരുള്ള സ്ഥാപനങ്ങളുടെ "വാസ്തവത്തിലുള്ള" സ്ഥിതിയെന്ത്? എഫെസൂസ് സഭയെ കുറ്റം പറഞ്ഞ കർത്താവിന്റെ കണ്ണുകളിൽ ഇന്നത്തെ സഭകൾ എങ്ങനെ കാണപ്പെടും?

"വാണിജ്യസ്ഥാപനങ്ങൾ" പോലെ നാം അധംപതിച്ചിട്ടില്ലേ? നമ്മുടെ സഭകളുടെ Priority ഇന്നു shopping complex പണിയുന്നതിലും, അധികാര വാഞ്ചയിലും ആയിട്ട് നാളുകളായില്ലേ? Can we believe that the lamp is still on the Lampstand? എപ്പഴേ കർത്താവ് അതിനെ എടുത്തു മാറ്റിക്കളഞ്ഞുകാണും. ഒരു വലിയ മടങ്ങിവരവിന്റെ ആവശ്യം നമ്മുടെ സഭകളിൽ ഉണ്ട്.

2:6 (R) ഒരു നല്ല കാര്യം പറയാൻ കർത്താവു മറന്നില്ല. നിക്കലാവ്യരുടെ നടപ്പ് നീ പകയ്ക്കുന്നു എന്നൊരു നന്മ നിനക്കുണ്ട്, അതു ഞാനും പകയ്ക്കുന്നു. ഇത് ഏത് കൂട്ടരാണെന്നോ, അവരുടെ നടപ്പ് എന്തായിരുന്നുവെന്നോ വേദവചനത്തിൽ വിവരിക്കുന്നില്ല. ഒന്നുമാത്രം നമുക്കു മനസ്സിലാക്കാം- അവരുടെ പഠിപ്പിക്കൽ കർത്താവിങ്കലുള്ള വിശ്വാസത്തിനും ഭക്തിയും തടസ്സമുള്ളതായിരുന്നു. അത്തരം നടപ്പിനെ പകയ്ക്കുവാൻ നമുക്കു കൃപയുണ്ടാകട്ടെ. They were a group / sect wrong in practice and wrong in doctrine.

2:7 (R) Promise

മാനസാന്തരത്തിന്റെ അനുഭവത്തിൽ മടങ്ങിവരുന്നവന്, ജയിക്കുന്നവന് ഇതാ വാഗ്ദത്തം.

-ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്നാൻ കൊടുക്കും.

Gen.3:22 ൽ പറയുന്നു- പാപം ചെയ്ത ആദാമിനോടും ഹവ്വായോടും: "ഇപ്പോൾ അവർ കൈനീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചു തിന്ന് എന്നേക്കും ജീവിപ്പാൻ സംഗതി വരരുത്"

ഈ കല്പിച്ചതിനെ ദൈവം തമ്പുരാൻ നമുക്കു വേണ്ടി മാറ്റിത്തരുന്നു.

A complete restoration back to glory

മനുഷ്യവർഗ്ഗത്തിനു പാപത്താൽ നഷ്ടമായ സകല അനുഗ്രഹങ്ങളെയും ഇതാ തമ്പുരാൻ തിരികെ തരുവാൻ പോകുന്നു.

-വെളിപ്പാടുപുസ്തകം വേദപുസ്തകത്തിന്റെ കലവറയാണെന്ന് കഴിഞ്ഞ അദ്ധ്യായം പഠിച്ചപ്പോൾ നാം ചിന്തിച്ചല്ലോ.

നമ്മുടെ ജീവിതത്തിനാവശ്യമുള്ളതെല്ലാം അവിടെ സ്വരൂപിച്ചു വച്ചിരിക്കുന്നു. ഇതാ സകല അനുഗ്രങ്ങളും നിറഞ്ഞിരിക്കുന്ന "കലവറ"

- ഈ കലവറയിലേക്കു കർത്താവു നമ്മെ വിളിക്കുന്നു.

- പക്ഷെ ഒരു കാര്യം ചെയ്യണം: മാനസാന്തരപ്പെടുക. ആദ്യത്തെ പ്രവൃത്തി ചെയ്യുക.

Repent and do the first works.

ഈ ലോകത്തിന്റെ മോഹങ്ങളിൽ ആകൃഷ്ടരായി കർത്താവുമായുള്ള സേന്ഹബന്ധം നഷ്ടപ്പെടുത്തി ജീവിതം പാഴാക്കാതെ, കർത്താവിങ്കലേക്കു കടന്നവരൂ. ഇതാ അനുഗ്രങ്ങളുടെ കലവറ നിനക്കായി ഒരുക്കി കർത്താവു കാത്തിരിക്കുന്നു.

**(B) Letter to the Church in Smyrna:** ഈ സ്മിർന്ന പട്ടണം ഇന്നു നിലവിലുണ്ട്. It is a seaport with a population of 2 lacs. 35 Mile north of Ephesus.

2: 8 ദൂതു കൊടുക്കുന്ന കർത്താവിന്റെ വർണ്ണന: മരിച്ചവനായിരുന്നു. വീണ്ടും ജീവിക്കുന്നു. ആദ്യനും അന്ത്യനും. പീഡയിലൂടെ കടന്നുപോകുന്ന ഒരു സഭയ്ക്കാണ് ഈ ദൂത്. അനേകർ പീഢനം മൂലം മരിച്ചു. മരണത്തെ മുമ്പിൽ കണ്ടുകൊണ്ട് ദിനങ്ങൾ കഴിക്കുന്ന സഭയ്ക്ക് കർത്താവ് എഴുതുന്നു. I was dead. Now I am living. മരണത്തെ ജയിച്ച കർത്താവ് സ്മിർന്നായിലെ വിശ്വാസികളെ ധൈര്യപ്പെടുത്താനായി എഴുതുന്നു. Smyrna = Myrrh (മൂര് - an ordinary perfume] സ്മിർന്നായിലെ വിശ്വാസികൾ പീഢിപ്പിക്കപ്പെടുമ്പോഴും ക്രിസ്തുവിന്റെ സൗരഭ്യവാസന പുറപ്പെടുവിക്കുന്നവർ ആയിരുന്നു. -മൂരിന്റെ സൗരഭ്യം പുറത്തു വരുന്നത് അത് ചതയുമ്പോഴാണ്. ഈ സഭയും അങ്ങനെ തന്നെയായിരുന്നു.

2:9 (R) കഷ്ടതയും ദാരിദ്ര്യവും ദൂഷണവും നീ സഹിക്കുന്നതു ഞാൻ അറിയുന്നു. Christ Knew all about their suffering. I know your afflications and your poverty. അവർ ദരിദ്രർ ആയിരുന്നു - But rich in wonderful promises Christ gave them. വാഗ്ദത്തങ്ങളിൽ സമ്പന്നർ.

2 Cor.6:10 ദുഷിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ. ദരിദ്രർ എങ്കിലും പലരെയും സമ്പന്നർ ആക്കുന്നവർ. ഒന്നും ഇല്ലാത്തവർ എങ്കിലും എല്ലാം കൈവശമുള്ളവർ ആയിരുന്നു.

James.2:5 ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും..... സ്മിർനായിലെ സഭയെ പീഡിപ്പിക്കുന്നത് ആരെല്ലാം: ദൈവത്തിത്തെ അറിയാത്ത ജാതികൾ (Romans) യഹൂദർ. സാത്താൻ. Local Synagogue അറിയപ്പെട്ടത് Synagogue of satan (Rev.3:9)

സഭയുടെ ചരിത്രത്തിൽ ഏറ്റവും അധികം പീഡ ഉണ്ടായിട്ടുള്ളത് " മത സംഘടന" കളിൽ നിന്നും ആണ്. കുറ്റം ഒന്നും തന്നെ സ്മിർന്നായിലെ സഭയെപ്പറ്റിയില്ല. പീഡനവും കഷ്ടവും വളരെ സഹിച്ചു എന്നാൽ വിശ്വാസത്തിൽ വിശുദ്ധി കാത്തു പാലിച്ചസഭയാണ് സ്മിർന്നായിലെ സഭ.

2:10 (a) Do not be afraid - stop being afraid of what you are about to suffer. പീഢനം തുടരുവാൻ പോകയാണ്. തടവും പീഡയും 10 ദിവസം തുടരും. 10 ന്റെ meaning എന്ത്? "Limited period"

വേദപുസ്തകത്തിൽ 10 പലയിടത്തും ഉപയോഗിച്ചിട്ടുണ്ട്. [10 ബാധകൾ, Gen 24:55, Neh.5:18]

പലപ്പോഴും നമ്മെ ചിന്താക്കുഴപ്പത്തിലാക്കും - നീതിമാന്റെ പീഢകൾ - Persecution of saint. എന്താണ് ഇതിന്റെ പിന്നിലെ ദൈവത്തിന്റെ ഉദ്ദേശ്യം.

(a) suffering may be disciplinary - ബാലശിക്ഷ- നമ്മുടെ ഗുണികരണത്തിനായുള്ള ശിക്ഷകൾ



www.gospelinmalayalam.com

(b) preventive- നിഗളിച്ചു പോകാതെയിരിക്കുവാൻ പൗലൂസിനു ജഡത്തിൽ ശൂലം കൊടുത്തു

(c) learning of obedience - അനുസരണം പഠിപ്പിപ്പാൻ - Rom 5:3-5 കഷ്ടത - സഹിഷ്ണത. സിദ്ധത - പ്രത്യാശ

(d) Providing of a better testimony for Christ Acts : 9:16

വാഗ്ദത്തം - **Promise**

2:10b-11 മരണപര്യന്തം വിശ്വസ്തനായിരിക്കുക. Be faithful, ever to the point of death. Smyrna യിലെ മൂപ്പനായിരുന്നു "Polycarp" എന്ന പേരുള്ള ഭക്തൻ. He was martyred. വളരെയധികം പേർ സ്മിർന്നായിൽ വിശ്വാസത്തിനുവേണ്ടി മരണം വരിച്ചു.

ജീവകിരീടം - Crown of life - നിത്യജീവന്റെ വാഗ്ദത്തം ആണത് - മരണത്തെ ഭയപ്പെടേണ്ട രണ്ടാം മരണത്തിൽ ദോഷം വരികയില്ല. (രണ്ടാം മരണം രക്ഷിക്കപ്പെടാത്തവർക്ക്)

വേദപുസ്തകത്തിൽ കീരീടങ്ങളുടെ വാഗ്ദത്തം ഉണ്ട്.

| | | |
|---|---|---|
| 1) ജീവ കിരീടം | James 1:12 | Rev 2:10 |
| 2) വാടാത്ത കീരീടം | 1 Cor 9:25 | |
| 3) പ്രശംസാ കിരീടം | 1 Thess 2:19 | |
| 4) നീതിയിൽ കീരീടം | 2 Thess 4:8 | |
| 5) തേജസ്സിന്റെ വാടാത്ത കീരീടം | 1 Pet 5:4 | |
| 6) പൊൻകീരീടം | Rev 4:4 | |

ഈ കീരീടം എന്തിന്- അവന്റെ രാജവാഴ്ചയിൽ പങ്കുകൊള്ളുവാൻ - Rev. 4:11 സ്തുതിക്കുവാൻ. പാദത്തിൽ സമർപ്പിക്കുവാൻ.

സ്മിർന്നായിലെ സഭയെ: I know your sufferings. Do not be afraid. Be faithful to the end.

I will give you crown of life.

കുറ്റം പറയാത്ത ഒരു സഭയാണിത്. പീഢകളുടെ നടുവിലും വിശ്വാസം കാത്തവർ. വിശുദ്ധി പാലിച്ചവർ. ആദ്യസ്നേഹം വിട്ടുകളയാത്തവർ. അന്ത്യത്തോളം വിശ്വാസം കാത്തുകൊൾക. നമുക്കും ഉള്ള ദൂതാണ്. Be consistant in your faith. continue till the end. Do not go back. Do not back slide. 'ജീവകീരിടം' നിനക്കായ് ഒരുക്കിവച്ചിരിക്കുന്നു.

**(C.) Letter to Churches of Pergamum:** പെർഗ്ഗമൂസിലെ സഭയ്ക്കുള്ള ദൂത്.

2:12 Smyrna യിൽ നിന്നും 20 mile inside. A wealthy City വഷളത്വം നിറഞ്ഞ പട്ടണം. അതേ സമയം ഒരു വിദ്യാഭ്യാസ കേന്ദ്രവും, ലൈബ്രറിയും ഫാക്ടറിയും ഉണ്ടായിരുന്ന സ്ഥലം. ഗ്രീക്കു ദേവന്മാരുടെയും ദേവികളുടെയും ആരാധനാകേന്ദ്രങ്ങൾ ധാരാളം ഉണ്ടായിരുന്നു.

ദൂതു കൊടുക്കുന്ന കർത്താവിന്റെ വർണ്ണന: മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവർ. ന്യായവിധിയുടെ വാൾ. രക്ഷയുടെ വചനം - അതേ സമയം - ശോധന ചെയ്യുകയും ന്യായവിധി നടപ്പാക്കയും ചെയ്യുന്ന ' ദൈവവചനം' എന്ന ആത്മാവിൻ വാൾ ധരിച്ചവൻ.

പ്രശംസ:

2:13 പെർഗ്ഗമോസിലെ സഭ പാർക്കുന്ന സാഹചര്യം കർത്താവറിയുന്നു. സാത്താന്റെ സിംഹാസനം ഉള്ളയിടം ഈ പട്ടണത്തിൽ "Asclepius" എന്ന ദേവന്റെ ക്ഷേത്രം ഉണ്ടായിരുന്നു. സർപ്പത്തിന്റെ രൂപത്തിലുള്ള വിഗ്രഹം സ്ഥാപിക്കപ്പെട്ടിരുന്നു.* (* SERPENT -" SYMBOL OF HEALING OF THE PAGAN GOD Asclepius" was every where in the city - Ceaser worship centre also- Temple dedicated to Rome.)

-ബാബിലോൺ പട്ടണത്തിന്റെ നാശത്തിനു ശേഷം, പഴയ ബാബിലോണ്യ ആരാധനകൾ ഈ സ്ഥലത്തേക്കു മാറ്റിയതായും അക്കാരണത്താൽ തന്നെ പെർഗ്ഗമോസ് സാത്താന്റെ സിംഹാസനം ആയിയെന്നും കരുതുന്നവർ ഉണ്ട്.


Fleettech, Puthuppally 0481 2351 626
www.gospelinmalayalam.com

- എങ്ങനെയെങ്കിലും ഒരു ക്രിസ്തീയ വിശ്വാസിക്കു തന്റെ ജീവിതം തുടർന്നുകൊണ്ടുപോകാൻ വളരെയധികം പ്രതികൂലമായ ഒരു പട്ടണമായിരുന്നു പെർഗ്ഗമോസ്. കർത്താവിലുള്ള വിശ്വാസം മുറുകെ പിടിച്ചതിനെ കർത്താവു പുകഴ്ത്തുന്നു. Antipas followed Christ faithfully unto death

2:14-15 **Rebuke**: balaam ന്റെ ഉപദേശം: Num 25:1,2 31:15-16

ബിലയാം ബാലാക്കിനെ ഉപദേശിച്ചു - യിസ്രയേൽ മക്കൾ intermarriage വഴി തെറ്റപ്പോകാനും, വിഗ്രഹങ്ങളെ ആരാധിക്കുവാനും- ഇത് യിസ്രായേന്മേൽ ശാപം വരുത്തിവച്ചു.

പെർഗ്ഗമോസിൽ ഉണ്ടായിരുന്ന ക്രിസ്തീയ സഭയും ഈ രണ്ടു കാര്യത്തിലും തെറ്റി. Idol worship എല്ലാ public social contact ന്റെയും ഭാഗമായിരുന്നു. Market ൽ വാങ്ങാൻ കിട്ടുന്ന meat പോലും വിഗ്രഹങ്ങൾക്കു അർപ്പിച്ചതായിരുന്നു.

നിക്കലാവ്യരുടെ നടപ്പാണ് അടുത്ത പരാജയം - Moral degradation- compromise with worldly things - Idolatory & Immorality - Live in compromise with Pagan Society.

2 Cor.11:13-15 ദുരുപദേശം - നീതിയുടെ വേഷം ധരിക്കുന്ന കപട ഉപദേശകർ.

രണ്ടു തെറ്റുകളാണ് പ്രാധാനമായും. 1) compromise with Pagan immorality 2) ജാതികളുടെ നടപ്പ് Copy ചെയ്യുക

(വേദപുസ്തക സത്യങ്ങളെ corrupt ആക്കുക. Dilute ചെയ്യുക.

2:16 (R) Judgement will come. They will be judged by the word of God. ദൈവവചനത്താൽ അവർ കുറ്റം വിധിക്കപ്പെടാം.

ആകയാൽ മാനസ്സാന്തരപ്പെടുക. "Repent therefore"

2:17 Promise

Hidden Manna മറഞ്ഞിരിക്കുന്ന മന്ന - സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന അപ്പം- വിശ്വാസിയുടെ ആത്മിക ആഹാരം - John 6:45-51 - ആരുമറിയാത്ത ശ്രേഷ്ഠ ഭോജനം

വെള്ളക്കല്ല് : പുതിയ പേര് എഴുതിയ വെള്ളക്കല്ല്. ആ പേര് വേറെ ആർക്കും അറിയാൻ കഴിയില്ല. This will proclaim the acceptence by God and His title to glory.* ( പുതിയ പേര്: Isa 62:2 വെളിപ്പാടുപുസ്തകം നിറഞ്ഞു നിൽക്കുന്ന വാഗ്ദത്തം ഒക്കെ പുതിയത് തന്നെ. പുതിയ യെരുശലേം (Rev. 21:2, New Song (5:9, 14:3) New heaven & New earth (Rev 21:1) Every thing New 21:5)

New Name is appropriate for the New life and Newstatus in God's New creation & society.

(പഴയ നിയമ പുരോഹിതന്മാർ യിസ്രായേലിന്റെ 12 പേരു കൊത്തിയ കല്ല് ധരിക്കുന്ന പതിവുണ്ടായിരുന്നു; - പെർഗ്ഗമോസിലെ വിശ്വാസി ഈ ലോകത്തിലെ വിലപിടിച്ച രത്നക്കല്ലു ധരിപ്പാൻ കഴിഞ്ഞില്ലെങ്കിലും, ദൈവം താൻ അവർക്കായി ഒരുക്കിയിരിക്കുന്ന വെള്ളക്കല്ലും വിശേഷ നാമവും ധരിക്കും. - old Times -Black stone used to write condemnation - white stone for aquital

It was a common custom to carry a pebble on which there was a secret name. To know a God's name was to have a certain power over him to summon him in times of troubles.

ചുരുക്കമായി പറഞ്ഞാൽ പെർഗ്ഗമോസ് സഭയ്ക്കുള്ള ദൂത്

a) Warning against compromise in Morality

b) Warning against compromise in deviating from Revealed truth in scriptures

Physical purity and Doctrinal purity

**D. Letter to church in Thyatira** (Now this city is Akhisar) (Lydia, dealer in purple cloths)



www.gospelinmalayalam.com

(See Acts 16:14 - തുയത്തൈര്യക്കാരി)

2:18 പെർഗ്ഗമോസിന് 40 mile south east. ചെറിയൊരു പട്ടണം. ധാരാളം കൃഷിവിള ചുറ്റിനും ഉള്ള പട്ടണം. വസ്ത്രങ്ങൾക്കു ചായം കൊടുക്കുന്ന dye ഉണ്ടാക്കുന്ന ഫാക്ടറി ഉള്ള പട്ടണം. ധാരാളം craftsmen ഉണ്ടായിരുന്ന പട്ടണം. wood workers, linen, garment workers, leather workers, Potter, Bakers...

ദൂതുകൊടുക്കുന്ന കർത്താവിന്റെ വർണ്ണന: അഗ്നിജ്വാലക്കൊത്ത കണ്ണും വെള്ളോട്ടിനു സദൃശമായ കാലും ഉള്ള ദൈവപുത്രൻ അരുളിചെയ്യുന്നു.

കർത്താവിന്റെ ദൈവത്വത്തെ സ്ഥിരീകരിക്കുന്നു - ന്യായവിധിയെ ഓർപ്പിക്കുന്ന വിവരണം- ഒന്നും ദൈവപുത്രനു മറഞ്ഞിരിക്കുന്നില്ല - ദൈവം പാപത്തിനു ശിക്ഷ വിധിക്കും. ഒന്നാം അധ്യായത്തിൽ ഈ കാര്യം നാം കണ്ടു.

**പ്രശംസ**: കുറ്റം പലതും ഉണ്ടെങ്കിലും, പ്രശംസയ്ക്കു അർഹമായതിനെ മറച്ചു വയ്ക്കുന്നില്ല.

2:19 നിന്റെ പ്രവൃത്തി, നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണത, എന്നിവയും നിന്റെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറെയെന്നും അറിയുന്നു. കർത്താവ് അതിനെ മാനിക്കുന്നു. Ephesus ലെ സഭ ആദ്യസ്നേഹം വിട്ടുകളഞ്ഞു. എന്നാൽ തുയഥൈര്യസഭയുടെ സ്നേഹം വർദ്ധിച്ചു.

**കുറ്റം**

2:20 (R) Isabel എന്ന സ്ത്രീ. പല ദുരുപദേശങ്ങളും കൊണ്ടുവന്നു. - 1. ദുർന്നടപ്പ് ആചരിക്കുക 2. വിഗ്രഹാർപ്പിതം തിന്നുക. ഈ രണ്ടു കാര്യങ്ങളും ജാതീയ മതങ്ങളിൽ ഉണ്ടായിരുന്നു. ബാബിലോണ്യ മതത്തിൽ അതിന്റെ പിന്തുടർച്ചയായി വന്ന ഗ്രീക്കു ക്ഷേത്രങ്ങളിൽ ഈ രണ്ടു പാപദോഷങ്ങൾക്കും ആചരണം ഉണ്ടായിരുന്നു.

ഈ ജാതിയ മതങ്ങളുമായി, അല്ലയെങ്കിൽ അവരുടെ ആചാരങ്ങളുമായി ചേർന്ന് മുന്നോട്ടു പോകാനായി ഉപദേശിക്കുന്ന ഒരു Self styled പ്രവാചകി തുയഥൈര്യയിൽ ഉണ്ടായി.

- പഴയനിയമത്തിൽ Ahab രാജാവിന്റെ കാലത്ത് Isabel എന്ന രാജ്ഞിയിലൂടെ യിസ്രായേലിനെ വിഗ്രഹാരാധനയുടെ പാതയിൽ യാത്രചെയ്യാൻ പ്രേരിപ്പിച്ച സാത്താന്റെ അതേ തന്ത്രം. ഇതാ തുയഥൈരാസഭയിലും അവർ ഉപയോഗിക്കുന്നു.

-തുയഥൈരാസഭയുടെ കുറ്റം, ആ സ്ത്രീയെ നീ അനുവദിക്കുന്നു എന്നതാണ്. വിശ്വാസത്തിലുള്ള, ഉപദേശത്തിലുള്ള പതർച്ചയെ കണ്ടിട്ട് മിണ്ടാതിരിക്കരുത്. മിണ്ടാതിരുന്നു എന്നു മാത്രമല്ല പലരെയും തെറ്റിച്ചു കളയുകയും ചെയ്തു.

2:21 മാനസ്സാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും മാനസ്സാന്തരപ്പെടാൻ അവർക്കു മനസ്സായില്ല.

2:22 അവളുടെ ഉപദേശങ്ങളോടു ചേർന്നവർക്കു ശിക്ഷ

2:23 അവളുടെ മക്കളെയും ശിക്ഷ വിധിക്കും. ഹൃദയങ്ങളെ ശോധന ചെയ്യുന്നവൻ എന്നു സകലരും സകല സഭകളും അറിയും. പ്രവൃത്തിക്കുതക്കവണ്ണം ന്യായമായി കൊടുക്കും.

2:24 **പ്രബോധനം** : Exhortation

എന്നാൽ Isabel ന്റെ ഉപദേശത്തെ കൈക്കൊള്ളാതെ, ആദിമ വിശ്വാസത്തിലും ഉപദേശത്തിലും നില നിന്ന ശേഷം പേർക്ക് പ്രബോധനം കൊടുക്കുന്നു - എവിടെയും ദൈവം ഒരു ശേഷിപ്പിനെ മാറ്റി നിർത്തുന്നു. - സാത്താന്റെ വഞ്ചിക്കുന്ന ഉപദേശം - അവനു Long term aim ആണുള്ളത്. ദൈവജനത്തെ ദുർന്നടപ്പിലൂടെ, വിഗ്രഹാരാധനയിലൂടെ, compromise ലൂടെ കർത്താവിൽ നിന്നും എന്നേയ്ക്കുമായി അകറ്റുക.

2:25 But that which ye have already, hold fast till I come - നിനക്കുള്ളത് ഞാൻ വരുന്നതുവരെ പിടിച്ചു കൊൾക.



www.gospelinmalayalam.com

വേദപുസ്തകത്തിലെ ഏറ്റവും ശ്രേഷ്ഠമായ പ്രബോധനം ഇതാണ്. അന്ത്യം വരെയും വിശ്വാസത്തിൽ നിലനില്ക്കുക. Be consistant. Be strong in faith. ആദിമ നൂറ്റാണ്ടിലെ അപ്പോസ്തോലിക വിശ്വാസത്തിലേക്ക് മടങ്ങിപ്പോകുക. അതിൽനിന്നും വ്യതിചലിക്കാതെ പിടിച്ചു നിൽക്കുക.

**Promise**

2:26 -27: സഹസ്രാബ്ദ വാഴ്ചയിൽ കർത്താവിനോടു കൂടെ ലോകത്തെ ഭരിപ്പാനായി, ജയിക്കുന്നവന് അധികാരം ലഭിക്കും. ക്രിസ്തുവിന് ദൈവം അധികാരം കൊടുത്തതുപോലെ ക്രിസ്തുവും അധികാരം തന്റെ വൃതന്മാർക്കുകൊടുക്കും.

Ps.2:6-9 2Tim 2:12 1Cor.6:2-3

2:28 വിശ്വാസത്തിൽ സ്ഥിരതകാണിക്കുന്നവന് ഉദയ നക്ഷത്രം ലഭിക്കും.

Morning star - Rapture is going to take place in a dark hour before the dawn of millennial kingdom - അവന്റെ രാജ്യത്തിൽ നമുക്കു ലഭിക്കാൻ പോകുന്ന പദവിയെ നാം വിശ്വാസത്താൽ കാണുന്നു. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു സകലതും നന്മക്കായി കൂടി വ്യാപരിക്കുന്നു. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കി വച്ചിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല. ചെവി കേട്ടിട്ടില്ല. ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടും ഇല്ല.

2:29 ആത്മാവു സഭകളോടു പറയുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ.

www.gospelinmalayalam.com